# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ. 1851

07/03/2017-ന് മറുപടിക്ക്

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ നിയമനം

**ചോദ്യം**
ശ്രീ.എൻ.വിജയൻ പിള്ള

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | പോലീസ് വകുപ്പ്, വിവിധ സർവ്വകലാശാലകൾ, പി.ഡബ്ല്യു.ഡി. തുടങ്ങിയ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ റാങ്ക് ലിസ്റ്റ് ഉണ്ടായിട്ടും ആരെയും നിയമിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ നിലവിലുള്ള പട്ടികയിൽ നിന്നും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും എഴുതി അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകി വരുന്നു. സർവ്വകലാശാലകളിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ നിയമനത്തിനായി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ല. |
| (ബി) | 'നിയമനം നടത്തുന്നതിന് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല' എന്ന് പി.എസ്.സി.നൽകുന്ന മറുപടിയിൽ സൂചിപ്പിക്കുന്ന തടസ്സങ്ങൾ ഒഴിവാക്കാൻ സത്വര നടപടി സ്വീകരിക്കുമോ ? | (ബി) | നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊടുത്തിട്ടുള്ളതും എന്നാൽ ഇതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്തതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളിലും നിയമനം പി.എസ്.സി. വഴി നടത്തുന്നതിനാവശ്യമായ ചട്ടങ്ങൾ എത്രയും വേഗം രൂപീകരിക്കുവാൻ എല്ലാ വകുപ്പുകൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

Ranjith MR
സെക്ഷൻ ഓഫീസർ